MALAYAL MANORAMA - 15-07-2024

# ഉൾനാടൻ പട്ടികജാതി മത്സ്യത്തൊഴിലാളികൾക്ക് ഐസ് ബോക്സുകൾ നൽകി

പള്ളുരുത്തി ● ഉൾനാടൻ പട്ടിക ജാതി മത്സ്യത്തൊഴിലാളികൾക്ക് ഫൈബർ ഐസ് ബോക്സുകൾ വിതരണം ചെയ്തു. ഐസിഎആർ സിഫ്റ്റ് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി കൊച്ചിയുടെ സാമ്പത്തിക സഹായത്തോടെ പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ കുമ്പളങ്ങി, കുമ്പളം, ചെല്ലാനം പഞ്ചായത്തുകളിലെ 125 മത്സ്യത്തൊഴിലാളികൾക്കാണ് ഐസ് ബോക്സുകൾ വിതരണം ചെയ്തത്. കെ.ജെ.മാക്സി എംഎൽഎ ഉദ്ഘാടനം ചെയ്തു. ഐസിഎആർ സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ അധ്യക്ഷത വഹിച്ചു.

പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബേബി തമ്പി, ഡോ എ.സുരേഷ്, ഡോ കെ.എ. മാർട്ടിൻ സേവ്യർ, ജോബി പനക്കൽ, സാബു തോമസ്, ജോസ് വർക്കി, കെ.കെ.സെൽവരാജ്, സിന്ധു ജോഷി, ഷീബ ജേക്കബ്, എച്ച്.സി.ശ്രീകുമാർ എന്നിവർ പ്രസംഗിച്ചു.